# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 114 31.10.2019 ൽ മറുപടിക്ക്**

**പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. സ്വരാജ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. സി. കെ. ശശീന്ദ്രൻ | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രളയത്തിലും മണ്ണിടിച്ചിലിലും തകർന്ന സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും പുനർനിർമ്മിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് 2018-ലെ പ്രളയത്തിലും മണ്ണിടിച്ചിലിലും തകർന്ന സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും പുനർനിർമ്മിക്കാൻ 21.08.2018-ലെ സ.ഉ.(സാധാ) നം. 1309/2018/പൊ.മ.വ ഉത്തരവ് പ്രകാരം ഒന്നാം ഘട്ടമായി 1000 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 31.10.2018-ലെ സ.ഉ(സാധാ) നം. 8985/2018/ധന ഉത്തരവ് പ്രകാരം പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപണികൾക്കായി 400 കോടി രൂപ 3054-03-337-96 (NP) ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ/പാലങ്ങളുടെ അറ്റകുറ്റപണികൾക്ക് 22.12.2018-ലെ സ.ഉ. (സാധാ) നം. 1978/2018/പൊ.മ.വ ഉത്തരവ് പ്രകാരം 1191 കോടി രൂപയുള്ള ഭരണാനുമതി പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. 16.11.2018-ലെ സ.ഉ.(എം.എസ്) നം. 432/2018/ധന ഉത്തരവ് പ്രകാരം പ്രളയവുമായി ബന്ധപ്പെട്ട പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചീഫ് എഞ്ചിനീയർമാർക്ക് നിലവിലുള്ള സാമ്പത്തിക പരിധി ഉയർത്തുകയും ചെയ്തിട്ടുണ്ട്. |

പൊതുമരാമത്ത് വകുപ്പ് മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 31 റോഡുകൾ (818.87 km) RKI-ൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം (2019-20) 300 (മുന്നൂറ്) കോടി രൂപ ലോകബാങ്കിൽ നിന്നും ലഭിക്കുന്ന വികസനവായ്പയിൽ നിന്നും അനുവദിക്കുന്നതിന് G.O.(Ms) 25/2019/P&EA dated 13.08.2019 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

നിരത്തു വിഭാഗത്തിനു കീഴിൽ ഈ വർഷം ആഗസ്റ്റ് മാസത്തിൽ ഉണ്ടായ കനത്ത കാലവർഷം മൂലം 797 റോഡുകളിൽ ഗതാഗത തടസ്സം നേരിട്ടിരുന്നു. മണ്ണിടിച്ചിൽ മൂലമുണ്ടായ ഗതാഗത തടസ്സം പരിഹരിക്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിച്ചിരുന്നു. റോഡുകൾ ഒലിച്ചുപോകുകയും ഇടിഞ്ഞുപോകുകയും ചെയ്ത ഭാഗങ്ങളിൽ താൽക്കാലിക നടപടികൾ സ്വീകരിച്ച് ഗതാഗതം പുന:സ്ഥാപിച്ചു. റോഡുകളുടെ അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കഴിഞ്ഞ വർഷം ഉണ്ടായ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി ദീർഘ കാലാടിസ്ഥാനത്തിലുള്ള പുനർ നിർമ്മാണത്തിന്റെ ഭാഗമായി ലഭ്യമായ ഫണ്ടുകളുപയോഗിച്ച് റോഡുകളുടെ ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഡിസൈൻ ചെയ്ത് പ്രളയത്തെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.ആർ.എഫ്.ബി.യുടെ കീഴിൽ 2018-ലെ കടൽ ക്ഷോഭവും പ്രളയവും നിമിത്തം പാളയം - ശംഖുമുഖം ആഭ്യന്തര വിമാനത്താവള റോഡിലെ ശംഖുമുഖം ബീച്ച് റോഡ് ഭാഗികമായി ഏകദേശം 300 മീറ്റർ തകർന്നിട്ടുണ്ട്. ആയത് പുന:സ്ഥാപിക്കുന്നതിനുള്ള ചെലവ് 42.62 ലക്ഷം രൂപയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

2018-ലെ പ്രളയം നിമിത്തം തകർന്ന പൊതുമരാമത്ത് റോഡുകളുടെ പുനർ നിർമ്മാണത്തിനായി 1600 കി.മീ റോഡുകളുടെ പട്ടിക പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം തയ്യാറാക്കി കെ.എസ്സ്.ടി.പി യ്ക്ക് നൽകുകയുണ്ടായി. റീബിൽഡ് കേരള ഇനിഷ്യറ്റീവിന്റെ ഭാഗമായി ജർമ്മൻ ബാങ്കിന്റെയും, ലോകബാങ്കിന്റെയും ധനസഹായം ഉറപ്പാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 666 കി.മീ റോഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമവുമായ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിനായുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി KSTP കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി രൂപ രേഖ തയ്യാറാക്കിയതിനുശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. കൂടാതെ ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന കെ.എസ്സ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ ചെമ്മണ്ണാർ ഗ്യാപ്പ് റോഡും, പൈനാവ് - താന്നിക്കണ്ടം - അശോകകവല റോഡും, അടൂർ - ചെങ്ങന്നൂർ റോഡും 307.96 കോടി രൂപ ഉപയോഗപ്പെടുത്തി പുനർ നിർമ്മിക്കാൻ തീരുമാനിക്കുകയും ആയതിന്റെ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഇവയുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എത്ര കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | ബി) | ഈ വർഷം ഉണ്ടായ പ്രളയത്തിൽ നിരത്തു വിഭാഗത്തിനു കീഴിൽ വിവിധ ജില്ലകളിലായി 5031 കി.മീ റോഡുകൾക്ക് 2958.33 കോടി രൂപയുടെ നാശ നഷ്ടമുണ്ടായതായി കണക്കാക്കുന്നു. കൂടാതെ കഴിഞ്ഞ പ്രളയത്തിൽ റോഡുകളുടെ പുനർ നിർമ്മാണത്തിനായി 13527 കോടി രൂപ ആവശ്യമായി വന്നിരുന്നു. |

കടൽ ക്ഷോഭവും, പ്രളയവും മൂലം കെ.ആർ.എഫ്.ബി യുടെ അധീനതയിലുള്ള 300 മീറ്റർ റോഡാണ് ഭാഗികമായി തകർന്നിരിക്കുന്നത്. ആയതിനാൽ വൻതോതിലുള്ള പുനർ നിർമ്മാണം ആവശ്യമായി വരുന്നില്ല. കൂടാതെ ടി റോഡ് കൺസഷണർ മുഖാന്തരമാണ് നടപ്പിലാക്കി വരുന്നത്.

| | | | |
|---|---|---|---|
| | | | കെ.എസ്സ്.ടി.പി യുടെ കീഴിൽ ഒന്നാം ഘട്ടമായി 666 കി.മീ റോഡിന്റെ പുനർ നിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടന്റിന് കരാർ നൽകിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പുനർ നിർമ്മാണത്തിനായി ഏകദേശം 3996 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| സി) | ഇതിനായുള്ള തുക അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | സി) | ഈ വർഷം നിരത്തു വിഭാഗത്തിന് കീഴിൽ ഉണ്ടായ നാശ നഷ്ടങ്ങളുടെ കണക്കുകൾ ദുരന്ത നിവാരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.<br><br>റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമയി ലോകബാങ്കിന്റെയും, ജർമ്മൻ ബാങ്കിന്റെയും ധനസഹായത്തോടെയാണ് കെ.എസ്സ്.ടി.പി പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു വരുന്നത്. ആയതിനായി ലോകബാങ്ക് 1400 കോടി രൂപയും, ജർമ്മൻബാങ്ക് 1800 കോടി രൂപയും ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**